'തത്ത്വദർശനത്തോടു ബന്ധപ്പെടുത്തിയ സയൻസിന്റെ വീക്ഷണവും സമീപനവും സ്വീകരിച്ചും അപ്പുറത്തുള്ള എല്ലാററിനോടും ആദരവോടുകൂടിയും വേണം നാം ജീവിതത്തെ അഭിമുഖീകരിക്കുവാൻ. ഭൂതകാലത്തിന്റെയും വർത്തമാനകാലത്തിന്റെയും ഉയർച്ചതാഴ്ചകളെ സമഗ്രമായി ഉൾക്കൊണ്ടുകൊണ്ട് ശാന്തതയോടെ ഭാവികാലത്തെ നിരീക്ഷിക്കുന്ന ഒരു ഉദ്ഗ്രഥിത ജീവിതവീക്ഷണം അപ്പോൾ നമുക്കു വളർത്തിയെടുക്കാൻ കഴിഞ്ഞേക്കും. ജീവിതത്തിലൂടെയുള്ള മനുഷ്യന്റെ യാത്ര ആഹ്ലാദത്തിന്റെയും വിഷാദത്തിന്റെയും ഒരു അസാധാരണ മിശ്രിതമാണ്; അതങ്ങനെയായാൽ മാത്രമേ മനുഷ്യനു പഠിക്കാനും മുന്നേറാനും കഴിയൂ. ആത്മാവിന്റെ പീഡാനുഭവമെന്നതു് ഏകാന്തമായ ഒരു ദുഃഖസത്യമാകുന്നു. ബാഹ്യസംഭവങ്ങളും അവയുടെ ഫലങ്ങളും നമ്മെ ശക്തിയായി ബാധിക്കുന്നു. പക്ഷേ, നമ്മുടെ മനസ്സിനു് ഏററവും വലിയ ആഘാതങ്ങൾ നേരിടുന്നതു് ആന്തരങ്ങളായ ഭയങ്ങളിൽനിന്നും സംഘർഷങ്ങളിൽനിന്നുമാകുന്നു. അതിജീവിക്കണമെങ്കിൽ നാം ബാഹ്യതലത്തിൽ വിജയം നേടണം; അതേസമയം നാം നമ്മോടുതന്നെയും തമ്മിൽത്തമ്മിലും പരിസരത്തോടും സമാധാനത്തിൽ ജീവിക്കുകയും വേണം. ഈ സമാധാനം ഭൗതികാവശ്യങ്ങളെ തൃപ്തിപ്പെടുത്തുന്നതോടൊപ്പം നമ്മുടെ ആന്തരങ്ങളും ഭാവനാത്മകങ്ങളുമായ ചോദനങ്ങൾക്കും സംതൃപ്തി നൽകും. ചിന്തയുടെയും ക്രിയയുടെയും മണ്ഡലങ്ങളിലൂടെ ദുഷ്കരമായ യാത്ര ആരംഭിച്ചതുമുതൽ മനുഷ്യന്റെ സവിശേഷതയായിരുന്നതു് ഈ ആന്തരചോദനങ്ങളാകുന്നു. മനുഷ്യന്റെ ജീവിതയാത്രയ്ക്കു് എന്തെങ്കിലും ആത്യന്തികോദ്ദേശ്യമുണ്ടോ എന്നു നമുക്കു് അറിഞ്ഞുകൂടാ. എന്നാൽ, ഈ യാത്ര നമുക്കു വിലപ്പെട്ട പലതും നൽകുന്നു. നേടാൻ കഴിയുന്നതെന്നു തോന്നുന്ന പല സമീപലക്ഷ്യങ്ങളേയും ഈ യാത്ര നമുക്കു ചൂണ്ടിക്കാട്ടിത്തരുന്നു; ഈ സമീപലക്ഷ്യങ്ങൾ പുതിയ ഒരു പ്രയാണത്തിന്റെ ആരംഭബിന്ദുക്കളായിക്കൂടെന്നുമില്ല.'

നെഹ്റുസാഹിത്യത്തിലൂടെയുള്ള ഒരു പര്യടനം നെഹ്റു മരിച്ച് ഇരുപത്തിനാലു വർഷങ്ങൾക്കുശേഷവും ആവേശകരമായ ഒരു അനുഭവമാണ്. ഭരണാധിപനായിരുന്ന നെഹ്റു വഞ്ചിക്കപ്പെട്ടിരിക്കാം. പക്ഷേ, എഴുത്തുകാരനായ, ചിന്തകനായ, കലാകാരനായ, സ്വപ്നദർശിയായ നെഹ്റു വഞ്ചനയ്ക്കു് അതീതനാണ്. അദ്ദേഹം തന്റെ ശരിയായ രൂപത്തിൽ സ്വന്തം കൃതികളിൽ ഇന്നും നമ്മോടുകൂടെയുണ്ട്. വേണമെങ്കിൽ നമുക്കു് ഇന്നുതന്നെ അവയിലൂടെ അദ്ദേഹത്തോടു ഹൃദ്യമായ ഒരു അഭിമുഖസംഭാഷണം ആരംഭിക്കാവുന്നതേയുള്ളു.

(27 മെയ്, 1988)

# 69. ശിവരാമൻ

ശിവരാമനുമായി പരിചയപ്പെട്ടതു് എന്നാണ്? ഓർമയില്ല. അദ്ദേഹം വിദ്യാർത്ഥിയായിരുന്നപ്പോൾത്തന്നെ ഞാൻ ആ പരിചയം നേടിയിരിക്കണം. ശിവരാമന്റെ ഗുരു, പ്രസിദ്ധ ചിത്രകാരനായിരുന്ന കെ. സി. എസ്. പണിക്കർ എനിക്കു് പരിചിതനായിരുന്നു. പണിക്കരുടെ ശിഷ്യനും ശിവരാമന്റെ സതീർത്ഥ്യനുമായ ദേവനും വളരെ മുമ്പുതന്നെ എന്റെ സുഹൃത്തായിക്കഴിഞ്ഞിരുന്നു. ശിവരാമന്റെ ചിത്രങ്ങൾ ഞാൻ ആദ്യമായി കണ്ടതു് മദ്രാസിലെ 'ജയകേരള'ത്തിലായിരിക്കണം. അതിനാൽ, തികഞ്ഞ ആത്മവിശ്വാസത്തോടെയാണ് 'മാതൃഭൂമി'യിൽ സേവനത്തിനു് ശിവരാമനെ ഞാൻ ശുപാർശ ചെയ്തതു്.

ശിവരാമൻ 'മാതൃഭൂമി'യിൽ നിയമിതനായപ്പോൾ, അദ്ദേഹവുമായി കൂടുതൽ അടുക്കുന്നതിനു് എനിക്കു കഴിഞ്ഞു. എത്ര ദരിദ്രമായ ജീവിതപശ്ചാത്തലമായിരുന്നു ഈ പ്രതിഭാധനന്റേതു് എന്നു മനസ്സിലായതു് അപ്പോഴാണു്. കൃതജ്ഞത എന്ന, അത്രയൊന്നും സാധാരണമല്ലാത്ത, വികാരത്താൽ പ്രേരിതനായിട്ടാണു് മൂകയും ബധിരയുമായ ഒരു ബാലികയെ വിവാഹംചെയ്യാൻ ശിവരാമൻ സ്വയം മുന്നോട്ടുവന്നതു്. ഈ ദാമ്പത്യത്തിന്റെ ആദ്യത്തെ ഏതാനും മാസങ്ങളിൽ സുഖത്തിന്റെ ചില സ്ഫുരണങ്ങൾ ശിവരാമൻ അറിഞ്ഞിട്ടുണ്ടാകാം. പിന്നീടു് അദ്ദേഹത്തിന്റെ ദാമ്പത്യാന്തരീക്ഷം എന്നെന്നേക്കുമായി ഇരുണ്ടുപോയി. ഒരു മകൾ പിറന്നു് ഏറെ താമസിയാതെ, ശിവരാമന്റെ പത്നി മാനസികമായി ഏറെക്കുറെ അബോധാവസ്ഥയിലെത്തി. ഒടുവിൽ ഒരു ചിത്തരോഗാസ്പത്രിയിൽവെച്ചു് അന്തരിക്കുകയുംചെയ്തു. എത്ര ദാരുണമായ വ്യഥയാണു് ശിവരാമൻ അക്കാലങ്ങളിൽ അനുഭവിച്ചിരുന്നതു്! പക്ഷേ, നിശ്ശബ്ദനായി അദ്ദേഹം എല്ലാം സഹിച്ചു. 'തിതിക്ഷ' എന്ന ഗുണം ഇത്ര തീവ്രതയോടെ അപൂർവമായി മാത്രമേ വേറെ ഏതെങ്കിലും വ്യക്തിയിൽ എനിക്കു് അനുഭവപ്പെട്ടിട്ടുള്ളൂ.

സഹകരണത്തിനുള്ള സന്നദ്ധത ശിവരാമന്റെ സവിശേഷതയായിരുന്നു. തനിക്കു് അഭിപ്രായങ്ങൾ ഇല്ലായ്കയല്ല. ഉള്ളവ വെട്ടിത്തുറന്നു പറയുകയും ചെയ്യും. എന്നാൽ, ചർച്ചകൾക്കുശേഷം ഒരു തീരുമാനത്തിലെത്തിയാൽ, തന്റെ കർത്തവ്യം പരമാവധി നിഷ്കർഷയോടെ നിശ്ചിതകാലാവധിക്കകം അദ്ദേഹം നിറവേറ്റുമായിരുന്നു. ശുദ്ധകലയെന്നപോലെ വ്യാവസായികകലയും ശിവരാമനു വർജ്യമായിരുന്നില്ല. പുതിയ ലിപിരൂപങ്ങൾ വരച്ചുണ്ടാക്കുകയെന്ന, ഏറെക്കുറെ യാന്ത്രികമായ വിദ്യയും അദ്ദേഹം ഏറ്റെടുക്കുകയും അതിൽ നൈപുണ്യം നേടുകയും ചെയ്തു. ഏതു ജോലിയും ചെയ്യാൻ അദ്ദേഹത്തിനു വൈമനസ്യം ഉണ്ടായിരുന്നില്ല.

ശിവരാമൻ നന്നെ കുറച്ചേ സംസാരിച്ചിരുന്നുള്ളു. പക്ഷേ, കുറിക്കുകൊള്ളുന്ന അഭിപ്രായങ്ങൾ, അളന്നുമുറിച്ച വാക്യങ്ങളിൽ, അത്യാവശ്യമുള്ളപ്പോൾ, പറയുമായിരുന്നു. അപൂർവമായേ ശിവരാമൻ ഫലിതം പറഞ്ഞിരുന്നുള്ളു. എന്നാൽ, പറയുന്ന നർമങ്ങൾക്കു് അവയുടെ സവിശേഷതയുണ്ടായിരുന്നു.

നീണ്ടകാലം അടുത്തിടപെടേണ്ടിവന്നിട്ടും, ഒരിക്കലെങ്കിലും ശിവരാമനുമായി ഏതെങ്കിലും കാര്യത്തിൽ അഭിപ്രായവ്യത്യാസം എനിക്കു് ഉണ്ടായിട്ടില്ല. ശിവരാമന്റെ വീഴ്ച നിമിത്തം ഏതെങ്കിലും കാര്യം മുടങ്ങുകയോ താമസിക്കുകയോ ചെയ്തതായും എനിക്കു് അനുഭവമില്ല. 'മാതൃഭൂമി'യിലെ ദീർഘമായ സേവനകാലത്തിനിടയിൽ, ആ സ്ഥാപനത്തിന്റെ ഒരവിഭാജ്യഘടകമായി ശിവരാമൻ മാറിക്കഴിഞ്ഞിരുന്നു. മാതൃഭൂമിയിൽനിന്നു വിട്ടു് ശിവരാമനെപ്പറ്റിയോ, ശിവരാമനില്ലാത്ത മാതൃഭൂമിയെപ്പറ്റിയോ ചിന്തിക്കുക പ്രയാസമാകുന്നു.

ശിവരാമന്റെ കലയെപ്പറ്റി പ്രതിപാദിക്കേണ്ട സന്ദർഭം ഇതല്ല. മാതൃഭൂമിയിൽ ജോലിക്കുചേർന്നശേഷം അദ്ദേഹം മൗലികചിത്രങ്ങൾ വളരെയൊന്നും വരച്ചതായി എനിക്കറിവില്ല. അദ്ദേഹത്തിന്റെ കലാസൃഷ്ടികൾ ഏറിയകൂറും കഥകളുടേയും നോവലുകളുടേയും ചിത്രണങ്ങളാണു്. ചിത്രണം ഒരു കലയാണു്—പ്രായോഗിക കല. ചിത്രണങ്ങളുടെ ചില രൂപാന്തരങ്ങൾ മാത്രമായിരുന്നു ശിവരാമനു കാർട്ടൂണുകൾ. വരകൾക്കായിരുന്നു വാക്കുകളേക്കാൾ അവയിൽ പ്രാധാന്യം.

ശിവരാമന്റെ നിര്യാണം 'മാതൃഭൂമി'ക്കു് അപരിഹാര്യമായ ഒരു നഷ്ടമാണു്; അദ്ദേഹത്തിന്റെ സുഹൃത്തുക്കൾക്കാകട്ടെ, പൊരുത്തപ്പെടാനാവാത്ത ഒരു ആകസ്മികദുരന്തവും.

(17 ജൂലൈ, 1988)